(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) സംവരണവും ഫീസാനുകൂല്യവും പിന്നോക്കവിഭാഗങ്ങൾക്ക് നൽകരുതെന്ന് എ.ഐ.സി.റ്റി.ഇ. നിർദ്ദേശമുണ്ടോ;

(ഐ) ഇല്ലെങ്കിൽ പ്രസ്തുത ആനുകൂല്യം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സ്വാശ്രയ മെഡിക്കൽ കോഴ്സുകളിലേയ്ക്ക് ഈ വർഷത്തേയ്ക്കുള്ള ഫീസ് ഇതുവരെയും നിശ്ചയിച്ചിട്ടില്ല. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇത് സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഒരു വിദ്യാർത്ഥിയുടെ പ്രതിശീർഷ ചെലവ് സംബന്ധിച്ച് മാനദണ്ഡങ്ങൾ ഒന്നും എ.ഐ.സി.റ്റി.ഇ. നിഷ്കർഷിച്ചിട്ടില്ല.

(ഇ) അടിസ്ഥാന സൗകര്യം, ലൈബ്രറി ലാബറട്ടറി, ഫർണ്ണിച്ചർ, ശമ്പളം, മെഷീനറി ആന്റ് എക്യൂപ്മെന്റ്, ട്രെയിനിംഗ്, മെയിന്റനൻസ് മുതലായവ കണക്കിലെടുത്താണ് ചെലവ് കണക്കാക്കുന്നത്.

(എഫ്&ജി) പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രമായി ഫീസ് പുതുക്കിയിട്ടില്ല.

(എച്ച്) ഇല്ല.

(ഐ) സംവരണവും ഫീസ് ആനുകൂല്യവും നൽകി വരുന്നുണ്ട്.

എഞ്ചിനീയറിംഗ് കോളേജുകളിലെ ടീച്ചിംഗ് സ്റ്റാഫ്

137 (1447) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ ടീച്ചിംഗ് സ്റ്റാഫിന്റെ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ട് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകൾക്ക് എത്ര ടീച്ചിംഗ് സ്റ്റാഫിനെ പുതുതായി നിയമിക്കേണ്ടതുണ്ട് ;

(സി) ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്താത്തതെന്തു കൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഇപ്പോൾ 57 ടീച്ചിംഗ് സ്റ്റാഫിന്റെ ഒഴിവുകളുണ്ട്.

(ബി) കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ, കമ്പ്യൂട്ടർ സയൻസിൽ 7-ഉം, എം. സി.എ. ഡിപ്പാർട്ട്മെന്റിൽ 5-ഉം കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ കമ്പ്യൂട്ടർ സയൻസിൽ 6-ഉം ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷനിൽ 6-ഉം ടീച്ചിംഗ് സ്റ്റാഫിനെ പുതുതായി നിയമിക്കേണ്ടതുണ്ട്.

(സി) നിയമനം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

വെച്ചൂച്ചിറ ഗവ: പോളിടെക്നിക്കിന്റെ കെട്ടിട നിർമ്മാണം

138 (1448) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) റാന്നി നിയോജക മണ്ഡലത്തിലെ വെച്ചൂച്ചിറ ഗവ: പോളിടെക്നിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറിംഗ് ഓഫീസിൽ നിന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് വഴി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുള്ളത് ;

(ബി) ഇതടങ്ങുന്ന ഫയൽ എന്നാണ് സാങ്കേതിക വിദ്യാഭ്യാസ ഡറയക്ടറേറ്റിൽ എത്തിയത് എന്ന് വ്യക്തമാക്കാമോ ;

(സി) ഒരു ഫയൽ ലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നുള്ളതാണ് നിലവിലുള്ള നിയമം ;

(ഡി) ഈ ഫയൽ ഇത്രയും കാലം താമസിപ്പിച്ച ഉദ്യോഗസ്ഥനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് നിലവിലുള്ള നിയമപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ;

(ഇ) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly